പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 140 04.12.2018 ലെ മറുപടിക്ക്

**കേന്ദ്ര സർക്കാർ നിലപാടുമൂലം കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.മുരളി പെരുനെല്ലി | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) കേന്ദ്ര സർക്കാർ ആർ.സി.ഇ.പി പോലുള്ള സ്വതന്ത്ര വ്യാപാരക്കരാറുകളിൽ ദീർഘവീക്ഷണമില്ലാതെ ഒപ്പുവയ്ക്കുന്നത് രാജ്യത്തെ കാർഷിക സമ്പദ് വ്യവസ്ഥ തകരുവാനും കർഷകരുടെ താൽപര്യങ്ങൾ ഹനിക്കപ്പെടാനും ഇടയാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്ന വിവിധ കർഷക വിരുദ്ധ നിലപാടുകളുടെ ഫലമായി സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ എന്തെല്ലാമാണ്; | (ബി) കേന്ദ്ര സർക്കാരിന്റെ കാർഷിക വിരുദ്ധ നിലപാടുകൾ പ്രധാനമായും തോട്ടവിള മേഖലകളെയാണ് ബാധിച്ചിട്ടുള്ളത്. തേയില,കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ തുടങ്ങിയ മേഖലകളിൽ വിലയിടിവ് മൂലം കർഷകർക്ക് വലിയ പ്രതിസന്ധി ഉണ്ടായിട്ടുണ്ട്.<br>കാർഷിക വിളകളുടെ വിലയിടിവിലൂടെ മതിയായ വരുമാനം ലഭിക്കാത്തതിനാൽ കർഷകർക്ക് തങ്ങളുടെ കൃഷിയിടങ്ങളിൽ നല്ലരീതിയിലുള്ള കൃഷി പരിപാലന പ്രവർത്തനങ്ങൾനടത്തുവാൻ സാധിക്കാത്തത് കാരണം ഉല്പാദനക്ഷമതയേയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. പുതിയ കേന്ദ്ര നയം കാരണം വിത്ത്, വളം തുടങ്ങിയ കൃഷിയുടെ പ്രധാന ഘടകങ്ങൾക്കെല്ലാം വിലവർദ്ധനവ് ഉണ്ടായതും കർഷകരെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) വിവിധ കാർഷിക വിളകൾക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച മിനിമം താങ്ങുവില കർഷകർക്ക് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച മിനിമം താങ്ങുവില കർഷകർക്ക് ലഭിക്കുന്നുണ്ട്. |
| (ഡി) ഉയർന്ന ഉല്പാദനച്ചെലവ് കണക്കിലെടുത്ത് നെല്ലിന് താങ്ങുവിലയായി സംസ്ഥാനം ആവശ്യപ്പെട്ടതും കേന്ദ്രം അനുവദിച്ചതും എത്ര രൂപയാണെന്ന് വിശദമാക്കുമോ? | (ഡി) കേന്ദ്രസർക്കാർ നെല്ലിന്റെ അടിസ്ഥാന താങ്ങുവില 15.50 രൂപയിൽ നിന്നും 17.50 രൂപയായി വർദ്ധിപ്പിച്ചിരുന്നു. ഈ സാഹചര്യത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ലിന്റെ താങ്ങുവില 2018-19 സീസൺ മുതൽ കി.ഗ്രാമിന് 25.30 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ഇ) കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കണമെന്നും പച്ചത്തേങ്ങയ്ക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്നുമുള്ള സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം അറിയിക്കാമോ ? | ഇ) കേന്ദ്ര സർക്കാർ തീരുമാനം എടുത്തിട്ടില്ല . |

**ഡെപ്യൂട്ടി സെക്രട്ടറി**